പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 5858 28.10.2011-ൽ മറുപടിക്ക്

സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ. | | ശ്രീ.ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി. |
| (എ) തിരുവനന്തപുരത്ത് പുതുതായി അരംഭിച്ച സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ;<br><br>(ബി) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പ്രവർത്തന പഥത്തിൽ കൊണ്ടുവരുന്നതിന് കാലതാമസം വരുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | | (എ)യും (ബി)യും<br>കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ചെയർമാൻ ഉൾപ്പെടെ ആറ് അംഗങ്ങളെയാണ് നിയമിക്കേണ്ടതെങ്കിലും ചെയർമാനെ മാത്രമേ ഇതുവരെ നിയമിച്ചിട്ടുള്ളൂ. ഒരു അഡ്മിനിസ്ട്രേറ്റീവ് അംഗത്തെയെങ്കിലും നിയമിച്ചെങ്കിൽ മാത്രമേ ട്രൈബ്യൂണലിന്റെ ഒരു ബഞ്ചെങ്കിലും പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. |
| (സി) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നാളിതുവരെ എത്ര പരാതികൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ: | (സി) | മറ്റ് അംഗങ്ങളുടെ നിയമനം നടക്കാത്തതിനാൽ ട്രൈബ്യൂണൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. |
| (ഡി) ഇവയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നാരംഭിക്കുമെന്ന് അറിയിക്കുമോ ? | (ഡി) | അംഗങ്ങളുടെ നിയമനം കഴിഞ്ഞാലുടൻ പൂർണ്ണതോതിലുള്ള പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.